DESPATCHED On..20/2/2020

4/02/2020


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം_695 001

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**

Email: sic@kerala.nic.in


**ഹർജി നമ്പർ CP.No.969(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.12546/SIC-Gen5/2017**

സന്നിഹിതൻ

ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. മദനൻ ടി.വി.
മുട്ടിച്ചരൽ, ഇരിയ,
കാസർഗോഡ് – 671 531. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-I,
ഹോസ്ദുർഗ്, കാസർഗോഡ്., } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29/08/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07/09/2017 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 18/09/2017 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/09/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസർഗോഡ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. മദനൻ ടി.വി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എതിർകക്ഷി നൽകിയ മറുപടി വിവരാവകാശത്തിന്റെ ലംഘനമാണെന്നും ആയതിനാൽ എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നം. 87/17–ൽ എതിർകക്ഷി തെറ്റായതും അപൂർണ്ണവുമായ ഉപദേശം രേഖകൾ പരിശോധിക്കാതെയാണ് നൽകിയതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ നിയമോപദേശത്തിന്റെ പകർപ്പാണ് നൽകിയത് എന്നും മേൽപ്പടി ഉപദേശം ഇംഗ്ലീഷിൽ തയ്യാറാക്കിയതാണ് നൽകിയത് എന്നും മേൽപ്പടി നിയമോപദേശത്തിൽ ഡബ്ല്യു.പി.(സി) 201 ഹൈക്കോടതിയിൽ നിലവിൽ ഇരിക്കുന്നു എന്നാണ് പറയുന്നത് എന്നും ആയത് എന്താണെന്ന് എതിർകക്ഷി വ്യക്തമാക്കിയിട്ടില്ല എന്നും എസ്.പി.ഐ.ഒ.യുടെ പേര്, അപ്പീൽ അധികാരിയുടെ

മേൽവിലാസം, അപ്പീൽ കാലാവധി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 87/17–ൽ എഫ്.ഐ.എസ്. പ്രകാരവും രേഖകൾ തെളിയുന്നത് പ്രകാരവും കേസ് നിലനിൽക്കുന്നതല്ല എന്നു എതിർകക്ഷി ഉപദേശം നൽകിയത് രേഖകൾ എല്ലാം പരിശോധിച്ചിട്ടാണോ എന്നും പോലീസിന്റെ സി.ഡി. ഫയൽ പരിശോധിച്ചിട്ടാണോ എന്നും ഉപദേശത്തിന്റെ കോപ്പി നൽകണമെന്നും

ii. ഗവൺമെന്റ് റിക്കോർഡിൽ സർക്കാർ ഉദ്യോഗസ്ഥൻ അന്യായമായി തിരുത്തൽ നടത്തിയാൽ അത് കുറ്റമല്ലെന്നു ഉപദേശം നൽകിയിട്ടുള്ളത് ഏതു രേഖയുടെ/ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്നും

iii. മേൽ കേസിൽ ഹൈക്കോടതി ഉത്തരവ് ലംഘിച്ചതിന് വ്യക്തമായ തെളിവിരിക്കെ തെളിവായി ശേഖരിച്ച രേഖകൾ പരിശോധിച്ചാലും വ്യക്തമായി മനസ്സിലായിട്ടും തെറ്റായ നിയമോപദേശം നൽകിയത് ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്നും

iv. എതിർകക്ഷിയുടെ ഉപദേശ പ്രകാരം കേസ് നിലനിൽക്കില്ല എന്നു അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നത് ഏതു നിയമപ്രകാരമാണെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട കാര്യങ്ങളുടെ എല്ലാം ഉത്തരം ലീഗൽ ഒപ്പീനിയനിൽ പറഞ്ഞിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് മറുപടിയ്ക്കൊപ്പം നൽകുന്നു എന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടിയാൾ ഹോസ്ദുർഗ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി–1–ൽ എ.പി.പി.യായി ജോലി ചെയ്തിരുന്ന കാലഘട്ടത്തിൽ അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നം. 87/17 നമ്പർ കേസിൽ നിയമോപദേശം കൊടുക്കണമെന്ന് ആവശ്യപ്പെട്ട് കേസ് ഡയറി അയച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ 30.3.2017 തീയതി നിയമോപദേശം നൽകിയിരുന്നു എന്നും മേൽപ്പടി നിയമോപദേശത്തിൽ പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ലഭിച്ചിരുന്നു എന്നും മേൽപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാൾ നൽകിയ നിയമോപദേശത്തിൽ വിവരിച്ചിട്ടുള്ളതിനാലാണ് മേൽപ്പടി നിയമോപദേശത്തിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയത് എന്നും ഹർജിക്കാരൻ ഒരു നിയമബിരുദധാരിയും നിയമ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനുമായതിനാലാണ് ഇംഗ്ലീഷിൽ തയ്യാറാക്കിയ നിയമോപദേശത്തിന്റെ പകർപ്പ് ടിയാന് നൽകിയതെന്നും തുടർന്ന് ഹർജിക്കാരൻ 10.8.2017 രേഖപ്പെടുത്തി മറ്റൊരു അപേക്ഷയും സമർപ്പിച്ചിരുന്നു എന്നും ആയതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി എതിർകക്ഷി ഇതിനു മുൻപ് നൽകിയ വിശദീകരണത്തോടൊപ്പം അയച്ചിരുന്നു എന്നും അതിൽ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾ പലതും ആർ.ടി.ഐ. ആക്ടിന്റെ പരിധിയിൽ വരുന്നതല്ല എന്നും പഴയ തീയതിയിലുള്ള അപേക്ഷ ആയതിനാലും

തൊട്ടു മുൻപ് മറ്റൊരു മറുപടി നൽകിയിരുന്നതിനാലും വീണ്ടും മറുപടി അയക്കേണ്ടതില്ല എന്ന വിശ്വാസത്തിലാണ് മറുപടി അയയ്ക്കാതിരുന്നത് എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് എതിർകക്ഷി നൽകിയ നിയമോപദേശം സംബന്ധിച്ചുള്ള വിവരങ്ങളായിരുന്നു എന്നു കാണുന്നു. ആയത് ഏതെങ്കിലും രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടുള്ള വിവരമല്ല എന്നു കാണുന്നു. ആയതിനാലാണ് എതിർകക്ഷി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം ബന്ധപ്പെട്ട നിയമോപദേശത്തിൽ ഉണ്ടെന്ന് പ്രസ്താവിച്ച് നിയമോപദേശത്തിന്റെ പകർപ്പ് നൽകിയിരുന്നത് എന്നും കാണുന്നു. മേൽപ്പടി നിയമോപദേശം അമ്പലത്തറ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യ്ക്ക് തയ്യാറാക്കി നൽകിയത് ഇംഗ്ലീഷിലായതിനാലാണ് ആയതിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയത് എന്നും കാണുന്നു. വിവരാവകാശ നിയമ പ്രകാരം ഒരു പൊതു അധികാരിയുടെ ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകുക എന്നതാണ് അർത്ഥമാക്കുന്നത്. ആയതിനാൽ ഇംഗ്ലീഷിൽ തയ്യാറാക്കിയ നിയമോപദേശം മലയാളത്തിൽ തയ്യാറാക്കി നൽകേണ്ട ഉത്തരവാദിത്വം എതിർകക്ഷിയ്ക്ക് ഇല്ല. അപ്രകാരം തന്നെ ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിട്ടുള്ള മേൽപ്പടി നിയമോപദേശത്തിന്റെ സാധുത വിവരാവകാശ നിയമപ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 4–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us